# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2641** **19.06.2014 ൽ മറുപടിക്ക്**

**സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ 10 -ാം ക്ലാസിൽ നൽകുന്ന സർട്ടിഫിക്കറ്റിൽ കുട്ടികളുടെ ജാതി രേഖപ്പെടുത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ.; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിന്നോക്ക വിഭാഗത്തിൽപെടുന്ന കുട്ടികൾക്ക് റിസർവേഷൻ ആനുകൂല്യം ലഭിക്കുന്നതിനായുള്ള ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ; | (സി) & (ഡി) | സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസ് പ്രകാരമുള്ള സ്കൂളുകൾ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലും വിദ്യാഭ്യാസ നിയമങ്ങൾക്കും വിധേയമായതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നിർദ്ദേശം നൽകാൻ കഴിയില്ല. എന്നിരുന്നാലും രക്ഷിതാക്കൾക്കുള്ള ബുദ്ധിമുട്ട് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |
| (ഡി) | സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്താൻ നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിനെ അടിയന്തിരമായി സമീപിക്കുമോ? | | |

സെക്ഷൻ ഓഫീസർ